പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192

23.01.2014 ൽ മറുപടിയ്ക്ക്

# പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ. എം.പി. വിൻസെന്റ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണമേഖല എപ്രകാരമാണ് ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) i) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേപ്പിന് കീഴിലെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.<br>ii) എഞ്ചിനീയറിംഗ് മേഖലയിലെ ഉപരിപഠനത്തിനുള്ള കുറവ് പരിഹരിക്കുന്നതിനായി കേപ്പിന്റെ കീഴിലുള്ള ആറ് എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു.<br>iii) നിലവിലുള്ള അധ്യാപകരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേപ്പിൽ QIP യിലൂടെ അടിസ്ഥാന ശമ്പളവും ഗ്രേഡ്പേയും നൽകി M.Tech ഉം Ph.D യും എടുക്കാനുള്ള അവസരമൊരുക്കുകയും പി.ജി.യുള്ള അധ്യാപകരെ കൂടുതലായി നിയമിക്കുകയും ചെയ്തു വരുന്നു.<br>iv) നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത രംഗത്ത് എന്തെല്ലാം വികസനപദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ; | (ബി) | i) കേപ്പിന് കീഴിലുള്ള പെരുമൺ, കിടങ്ങൂർ, പുന്നപ്ര, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു.<br>ii) പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നിവടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ TEQIP രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ലബോറട്ടറി, ലൈബ്രറി മുതലായവ നവീകരിക്കുന്നതിനും അധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാരിൽ നിന്ന് ഓരോ കോളേജിനും പരമാവധി 10 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.<br><br>iii) കേന്ദ്ര സർക്കാരിന്റെ RIDF പദ്ധതിയിലൂടെ ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചുകൊണ്ട് എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്കാവശ്യമായുള്ള ഹോസ്റ്റലുകൾ, ഓഡിറ്റോറിയം മുതലായവ നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | എന്തെല്ലാം സ്ഥാപനങ്ങളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | പത്തനംതിട്ട ജില്ലയിലെ ആറൻമുളയിലും, തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിലും പുതിയ ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) | ആറൻമുളയിലെ ഒന്നാംഘട്ട കെട്ടിടങ്ങളുടെ പണിപൂർത്തിയാക്കുകയും ആവശ്യമുള്ള ഫർണിച്ചറുകളും മറ്റുപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മുട്ടത്തറയിൽ 16 കോടി മതിപ്പ് ചെലവ് |

പ്രതീക്ഷിക്കുന്ന കെട്ടിടത്തിന്റെ പണിക്കരാർ ഉടമ്പടി ഒപ്പുവയ്ക്കുന്ന ഘട്ടത്തിലാണ്. വടക്കാഞ്ചേരിയിൽ 10 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും അതിനെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുള്ളതിനാൽ കെട്ടിടത്തിന്റെ ഡിസൈൻ, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പണി തുടങ്ങുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ